പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 603** 28-10-11 ൽ മറുപടിക്ക്

നികുതി വെട്ടിപ്പ്

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ.ആർ.സെൽവരാജ്:<br>ശ്രീ.കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ) :<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീമതി.കെ.എസ്.സലീഖ: | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) അതിർത്തികൾ വഴി വ്യാപകമായി കോഴികളും മറ്റ് സാധനങ്ങളും നികുതി വെട്ടിച്ച് സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) അതിർത്തിവഴി വ്യാപകമായി കോഴികളും മറ്റുസാധനങ്ങളും നികുതി വെട്ടിച്ച് കടത്തുന്നത് തടയുന്നതിനായി വിൽപ്പന നികുതി ചെക്ക് പോസ്റ്റുകളും, ചെക്ക് പോസ്റ്റ് നിലവിലില്ലാത്ത അതിർത്തി പ്രദേശങ്ങളിലെ അനധികൃത പാതകളും ഉൾപ്പെടെ അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് നികുതി ബാധകമായ ഉൽപന്നങ്ങൾ വന്നുചേരുന്ന ഇടങ്ങളെല്ലാം നികുതി വകുപ്പ് ഇന്റലിജൻസ് വിഭാഗത്തിന്റെ നിരീക്ഷണത്തിന് കീഴിലാണ്. അതിർത്തികളിലെ വിൽപന നികുതി ചെക്ക് പോസ്റ്റുകളിലെല്ലാം സ്ക്വാഡുകൾ ഓവർചെക്കിംഗും, ടേക്ക് ഓവറും സ്ഥിരമായി നടത്താറുണ്ട്. കൂടാതെ വിൽപന നികുതി അസസ്മെന്റ് വിഭാഗത്തിൽ നിന്ന് രൂപീകരിക്കുന്ന സ്പെഷ്യൽ സ്ക്വാഡുകളും ഓണം, റംസാൻ പോലെയുള്ള ഉത്സവനാളുകളിൽ പ്രവർത്തന സജ്ജമാകാറുണ്ട്. ഇതിന്റെ ഫലമായി അതിർത്തിവഴിയുള്ള കള്ളക്കടത്ത് ഒരു പരിധിവരെ തടയാൻ കഴിഞ്ഞിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | നികുതി വെട്ടിക്കുന്നതിന് കൂട്ടു നിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | നികുതി ചോർച്ച തടയാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥർ നികുതി വെട്ടിപ്പിന് കൂട്ടുനിൽക്കുന്നതായി കണ്ടെത്തിയാൽ ശക്തമായ നടപടികൾ വകുപ്പുതലത്തിൽ സ്വീകരിക്കാറുണ്ട്. ആരോപണ വിധേയരായ ഉദ്യോഗസ്ഥരെ ഉടനടി സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും, അന്വേഷണം പൂർത്തിയാകുന്ന മുറയ്ക്ക് കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്ക് ഉചിതമായ ശിക്ഷ നൽകുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ